പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 546

06.03.2012 ൽ മറുപടിക്ക്

## കശുമാവു കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനു വേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ 2007-ൽ ആരംഭിച്ചശേഷമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) കേരള സർക്കാർ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്ന് 2007-08, 2008-09 -ൽ അനുവദിച്ച 150 ലക്ഷം രൂപ വിനിയോഗിച്ച് കൊല്ലം, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ 26,067 കശുമാവ് ഗ്രാഫ്റ്റ് ചെടികൾ കർഷകർക്ക് സൗജന്യമായി നൽകുകയും നടീലിനും പരിപാലനത്തിനുമായി ധനസഹായവും നൽകി കശുമാവ് കൃഷി നടപ്പിലാക്കി. കൂടാതെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വനംവകുപ്പിന്റെ സഹായത്തോടെ വന സംരക്ഷണ സമിതികൾ വഴി വനാശ്രിത കർഷകർക്ക് 84,000 കശുമാവ് ഗ്രാഫ്റ്റ് ചെടികൾ സൗജന്യമായി നൽകുകയും നടീലിനും പരിപാലനത്തിനുമായി ധനസഹായം നൽകുകയും ചെയ്ത് കശുമാവ് കൃഷി നടപ്പിലാക്കി. കൂടാതെപൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ഫാർമിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, പുനലൂർ, റീഹാബിലിറ്റേഷൻ ലിമിറ്റഡ്, പുനലൂർ എന്നീ സ്ഥാപനങ്ങൾക്ക് ജൈവ രീതിയിൽ കശുമാവ് തോട്ടം വച്ചുപിടിപ്പിക്കുന്നതിനായി ധനസഹായം നൽകി കൃഷി നടപ്പിലാക്കി. 2008-09 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ സുസ്ഥിര കശുമാവ് കൃഷി വികസനം കേരളത്തിൽ നടപ്പിലാക്കുന്നതിനായി 95.60 കോടി രൂപയുടെ ഒരു വലിയ പദ്ധതി നാഷണൽ ഹോർട്ടികൾച്ചർ മിഷന് സമർപ്പിക്കുകയും ആയത് അപ്പാടെ അംഗീകരിക്കുകയും ഉണ്ടായി. 4 വർഷം കൊണ്ട് നടപ്പിലാക്കുന്ന |

ഈ പദ്ധതിയ്ക്ക് ഇന്ത്യാ ഗവൺമെന്റിന്റെ 57.83 കോടി രൂപ ധനസഹായം ലഭിച്ചു വരുന്നു. പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ ഇവയാണ്. പുതിയ നെഴ്സറികൾ, പുതിയ തോട്ടങ്ങൾ (10,000 ഹെക്ടർ) പുനരുദ്ധാരണവും/പുനർ കൃഷി (10,000 ഹെക്ടർ) ജൈവകൃഷി (2000 ഹെക്ടർ), മാതൃകാ കൃഷിത്തോട്ടങ്ങൾ, ജലസ്രോതസ്സുകൾ (1000 ഹെക്ടർ), പരാഗണം ത്വരിതപ്പെടുത്തുന്നതിന് തേനീച്ച വളർത്തൽ (2000 യൂണിറ്റ്), സെമിനാറുകൾ/വർക്ക്ഷോപ്പുകൾ, കർഷകർക്കുള്ള പരിശീലനം, വിളവെടുപ്പ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ്. നാഷണൽ ഹോർട്ടികൾച്ചറൽ മിഷനിൽ നിന്നും 2009-10 മുതൽ 2011-12 വരെ 2,370 /-ലക്ഷം രൂപ ലഭിക്കുകയുണ്ടായി. മേൽപ്പറഞ്ഞ രണ്ട് ഫണ്ടുകൾ വിനിയോഗിച്ച് 2009-10 മുതൽ 2011-12 വർഷങ്ങളിലായി 17000 ഹെക്ടറോളം സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. കശുമാവ് കൃഷിവികസന ഏജൻസി കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | കശുമാവ് നെഴ് സറികൾ | 16 എണ്ണം |
| 2 | ജലസേചനം | 4.5 ഹെക്ടർ |
| 3 | മണ്ണിര കമ്പോസ്റ്റ് -ഗാർഹിക യൂണിറ്റ് | 21,000 എണ്ണം |
| 4 | തേനീച്ച വളർത്തൽ - 118 കർഷകർ | 2000 പെട്ടികൾ |
| 5 | സെമിനാർ | 7 എണ്ണം |
| 6 | കർഷകർക്കുള്ള പരിശീലനം /എക്സിബിഷൻ | 125 എണ്ണം |
| 7 | റിസർച്ച് പ്രോജക്ട് | 3 എണ്ണം |

(ബി) മുൻസർക്കാരിന്റെ കാലത്തു കേന്ദ്രഗവൺമെന്റ് അനുവദിച്ച 58 കോടി രൂപയിൽ നിന്നും എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച 14.5 കോടി രൂപ ചെലവഴിച്ചു.

(സി) സംസ്ഥാന ഗവൺമെന്റ് എത്ര കോടി രൂപ ചെലവഴിച്ചു;

(സി) സംസ്ഥാന സർക്കാർ 8.50 കോടി രൂപ ചെലവഴിച്ചു.

—

(ഡി) 2011-12-ൽ മേൽപ്പറഞ്ഞ ഇനങ്ങളിലായി എത്ര കോടി രൂപ വീതം വിനിയോഗിച്ചിട്ടുണ്ട്; ഇതിനകം എത്ര കശുമാവിൻ തൈകൾ ഇക്കാലയളവിൽ നട്ടു വളർത്തിയിട്ടുണ്ട്.

(ഡി) 2011-12 -ൽ 9.2 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്നും (എൻ.എച്ച്.എം) ലഭിച്ചതിൽ 1.97 കോടി രൂപ ചെലവഴിച്ചു. 8,88,501 കശുമാവിൻ ഗ്രാഫ്റ്റ് തൈകൾ ഇക്കാലയളവിൽ നട്ടു വളർത്തിയിട്ടുണ്ട്.

(ഇ) കെ.എസ്.എ.സി.സി. (Kerala State Agency for Cashew Cultivation ) വഴി തുടർന്ന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുമെന്നറിയിക്കുമോ ?

(ഇ) നാഷണൽ ഹോർട്ടികൾച്ചറൽ മിഷൻ അനുവദിച്ച 4 വർഷം കൊണ്ട് നടപ്പാക്കേണ്ട പദ്ധതിയുടെ കാലാവധി 2008-09 മുതൽ 2011-12 വരെ ആയിരുന്നു. എന്നാൽ എൻ.എച്ച്.എം ആദ്യ ഗഡു തുക അനുവദിച്ചത് 2009 മേയ് മാസത്തിലാണ്. ആയതിനാൽ പദ്ധതി 2009-10-ലാണ് തുടങ്ങുവാൻ സാധിച്ചത്. ഇത്തരുണത്തിൽ പുതുക്കിയ കാലാവധി അനുസരിച്ച് 2012-13-ൽ ആണ് പദ്ധതി തീരേണ്ടത്. എന്നാൽ പുതുക്കിയ കാലാവധിയെ സംബന്ധിച്ച ഉത്തരവ് എൻ.എച്ച്.എം. മുഖാന്തിരം ലഭിച്ചശേഷം മാത്രമേ 2012-13-ലെ പദ്ധതി നടത്തിപ്പിനെക്കുറിച്ച് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. നടപ്പ് പദ്ധതിയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ പദ്ധതി സമർപ്പിക്കുന്നതിനുള്ള നടപടികൾ കെ.എസ്.എ.സി.സി. സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ